# GREGORIAN VOICE

SEPTEMBER- OCTOBER– 2016


===================================================================================================



## വൈദികവൃത്തിയിൽ ഒരു ദശകം

====================================================

പത്തു വർഷം ഒരു സഭയുടെ ചരിത്റത്തിൽ ദീർഘമായ കാലയളവല്ല. എന്നാൽ മനുഷ്യജീവിതത്തിൽ 10 വർഷമെന്നത് നിസാര കാലയളവല്ല . ഓരോരുത്തരും ഏറ്റെടുക്കുന്ന ഉത്തരവാദിത്തങ്ങൾ എത്ര മാത്രം കാര്യക്ഷമതയോടും ദൈവാശ്റയബോധത്തോടും കൂടിനടപ്പാക്കാൻ കഴിയുന്നു എന്നതു വിലയിരുത്തുവാൻ പര്യപ്തമാണ് ഈ കാലയളവ്. 1975ജൂൺ19ന് ഭൂജാതനായ ബഹു:അച്ചൻ മുപ്പത്തൊന്നാം വയസിൽ വൈദീകനായി. പാരപരന്റെ ഹിതം ജനങ്ങളെ അറിയിക്കുക എന്ന ഔത്യം ദൈവ വിളിയായി അച്ചൻ സ്വീകരിക്കുകയാണുണ്ടായത്. 2006_ൽപൗരോഹിത്യം സ്വീകരിച്ച അദ്ദേഹം കർതൃ ശുശ്രൂഷ കൂടുതൽ ആളുകളിൽ എത്തിക്കുന്നതിന് സഹായകമാകുംവിധം എട്ടോളം ഭാഷകളിൽനൈപുണ്യവും ആർജ്ജിച്ചു കഴിഞ്ഞിരിക്കുന്നു. വേദ ശാസ്ത്രത്തിലുള്ള അച്ചന്റെ അഗാധമായ പാണ്ഡിത്യം സഭക്കൊരു മുതൽക്കൂട്ടാണ് . ദയറാ പട്ടക്കാരനായി ദൗത്യനിർവ്വഹണം നടത്തുവാനുള്ള അച്ചന്റെ തീരുമാനവും സമാദരണീയമാണ്. അച്ചൻറെ സമർപിത ജീവിതത്തിന് എല്ലാ ആശംസകളും നേരുന്നു. പൗരോഹിത്യപടവുകളിൽ ഉന്നതസ്ഥാനീയനാകുന്നതിനുള്ള ദൈവകൃപയ്കായി പ്രാർഥിക്കുന്നു.

നമ്മുടെ അയർലണ്ടിലെ സഭയുടെ പ്രധാന പരിപാടികളിലൊന്നായ ഫാമിലി കോൺഫ്രൻസിൽ വച്ച് വൈദികവൃത്തിയിൽ പത്തു വർഷം പൂർത്തിയാക്കിയ ബിജു അച്ചനെ അഭിവന്യ പാത്രിയാർക്കൽ വികാരി യൂഹാനോൻ മോർ മിലിത്തിയോസ് തിരുമേനി പുരസ്കാരം നൽകി ആദരിച്ചു.



**Bavathirumeni**

14 September at 03:44 ·

ലോകമെങ്ങുമുള്ള എല്ലാ മലയാളികൾക്കും പരിശുദ്ധ യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടേയും എന്റേയും ഹൃദയം നിറഞ്ഞ ഓണാശംസകൾ!

സ്നേഹത്തോടെ,

ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക

Upcoming Events

## Koinoniya 2016

നമ്മുടെ ഇടവകയുടെ Koinoniya 2016 November 29 ആം തീയതി W.S.A.F Community Hall, Sommerville Drive, Walkinstown വച്ച് നടത്തുവാനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു.

# Koinoniya 2016


**Date: October 29**
**Time: From 7:00 PM**
**Venue: WSAF Hall, Walkinstown**

## വലിയ പെരുന്നാളും ഡബ്ലിൻ കൺവൻഷനും

ഡബ്ലിൻ:ഡബ്ലിൻ സെ.ഗ്രിഗോറിയോസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് പള്ളിയിൽ പരിശുദ്ധ പരുമല തിരുമേനിയുടെ 114 മത് ഓർമ്മപ്പെരുന്നാളും വചനപ്രഘോഷണവും അഭിവന്ദ്യ ജോസഫ് മോർ ഗ്രിഗോറിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നവംബർ രണ്ടു മുതൽ ആറാം തിയതി വരെ നീണ്ടു നിൽക്കുന്ന തിരുകർമ്മങ്ങളോടെ നടത്തപ്പെടും. പെരുന്നാളിനോടനുബന്ധിച്ച് നടത്താറുള്ള ഡബ്ലിൻ കൺവൻഷന് പ്രശസ്ത വചനപ്രഘോഷകനായ പൗലോസ് പാറേക്കര കോറെപ്പിസ്കോപ്പ അച്ചൻ നേതൃത്വം നൽകും.



## യൂത്ത് ഓറിയന്റേഷൻ ക്ലാസ്




## സൺഡേസ്കൂൾ ടീച്ചേഴ്സ് ട്രെയിനിങ് ക്യാമ്പ് –2016



## ശുബഹോ (എക്യുമിനിക്കൽ കരോൾ) - 2016




## Maneeso—2016



## പരിശുദ്ധ മോർ ബസേലിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാൾ

നമ്മുടെ ഇടവകയിൽ ആണ്ടു തോറും നടത്തിവരാറുള്ള കോതമംഗലത്തു കബറടങ്ങിയിരിക്കുന്ന പരിശുദ്ധ മോർ ബസേലിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാൾ ഒക്ടോബർ മാസം രണ്ടാം തീയതി ഭക്ത്യാദരപൂർവ്വം കൊണ്ടാടി. ഇടവകയുടെ സ്ഥാപക വികാരി ബഹു: ജോബിമോൻ സ്കറിയ യുടെ മുഖ്യ കാർമ്മികത്വത്തിലും ഇടവകയുടെ വികാരി ബഹു: ബിജു പാറേക്കാട്ടിലിന്റെ സഹകാർമികത്വത്തിലും പെരുന്നാൾ കുർബ്ബാന നടത്തപ്പെട്ടു.




## St. Gregorios Sunday School ഭാരവാഹികൾ

നമ്മുടെ സൺഡേ സ്കൂളിന്റെ പുതിയ ഭാരവാഹികളായി 25-09-2016 ൽ കൂടിയ സൺഡേസ്കൂൾ അദ്ധ്യാപകയോഗം ശ്രീമതി മഞ്ജു മാണിയെ സൺഡേ സ്കൂൾ ഹെഡ്മിസ്ട്രസ്സ്ആയും, ശ്രീ ജിനേഷ് ജോൺനെ സൺഡേ സ്കൂൾ സെക്രട്ടറിയായും തിരഞ്ഞെടുത്തു.

പുതിയ ഭാരവാഹികൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

## ഡബ്ലിൻ സെന്റ് ഗ്രിഗോറിയോസ് യൂത്ത് അസോസിയേഷന്റെ ആഭിമുഘ്യത്തിൽ നോക്കിലേക്ക് സൈക്കിൾ തീർത്ഥയാത്ര നടത്തപ്പെട്ടു

അയർലണ്ടിലെ നമ്മുടെ സഭയുടെ നേതൃത്വത്തിൽ വി.ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനോട് അനുബന്ധിച്ചുള്ള എട്ടു നോമ്പ് ആചരണത്തിന്റെ ഭാഗമായി എല്ലാവർഷവും നോക്കിൽ വച്ച് നടത്തപ്പെടാറുള്ള വി കുർബ്ബാനയും ക്കു മുന്നോടിയായി സ്ലീബയും വഹിച്ചുകൊണ്ട് സൈക്കിൾ തീർഥയാത്ര ഈവർഷവും നടത്തപ്പെട്ടു.

സെപ്റ്റംബർ രണ്ടാം തീയതി വെള്ളിയാഴ്ച രാവിലെ 5 മണിയ്ക്ക് സഹ വികാരി ഫാ.ജിനോ ജോസഫിന്റെ നേതൃത്വത്തിൽ പള്ളിയിൽ വച്ച് നടത്തപ്പെട്ട ധൂപപ്രാർഥനയ്ക്ക് ശേഷം തീർത്ഥയാത്ര ആരംഭിച്ചു. വൈകുന്നേരം ആററ മണിയോടെ നോക്കിൽ എത്തിച്ചേർന്നു.



# നോക്ക് മരിയൻ തീർത്ഥാടന കേന്ദ്രത്തിലേക്കുള്ള  തീർത്ഥയാത്രയും വി കുർബ്ബാനയും

അയർലണ്ടിലെ  നമ്മുടെ സഭയുടെ നേതൃത്വത്തിൽ വി.ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനോട് അനുബന്ധിച്ചുള്ള എട്ടു നോമ്പ് ആചരണത്തിന്റെ ഭാഗമായി എല്ലാവർഷവും നടത്തപ്പെടാറുള്ള നോക്ക് മരിയൻ തീർത്ഥാടന കേന്ദ്രത്തിലേക്കുള്ള  തീർത്ഥയാത്രയും വി കുർബ്ബാനയും സെപ്റ്റംബർ 3 ശനിയാഴ്ച രാവിലെ 11 മണിക്ക് ഇടവക മെത്രാപോലീത്ത അഭി.യൂഹാനോൻ മോർ മിലിത്തിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.











# ആദരാഞ്ജലികൾ



We express our heartfelt condolences on the sad demise of

Mr Biju Yoyaki Brother of Dn. Jobil Yoyaki.

---




We express our heartfelt condolences on the sad demise of

Mr Shaji M.C father of Mr Shimaj.

---




We express our heartfelt condolences on the sad demise of

Mrs Aliyamma Elias mother of Rev Fr Babu Ealias.

## Congratulations!

ഫാമിലി കോൺഫ്രൻസിൽ വച്ച് നടത്തപ്പെട്ട ബൈബിൾ quiz മത്സരത്തിൽ നമ്മുടെ ഇടവകയെ പ്രതിനിധീകരിച്ചു മത്സരിച്ച Thomas Varghese ഉം SHoshamma തോമസ് ഉം രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഇവർക്ക് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു




ഫാമിലി കോൺഫ്രൻസിൽ വച്ച് നടത്തപ്പെട്ട ബൈബിൾ reference മത്സരത്തിൽ നമ്മുടെ ഇടവകയെ പ്രതിനിധീകരിച്ചു മത്സരിച്ച Mrs. Shoshamma Thomas രണ്ടാം സ്ഥാനം കരസ്ഥമാക്കി. Shoshamma Thomas ന് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.






Our brother in Christ Jobil Yoyaki was consecrated as Sub Deacon (Quroyo) at our church on September by the Patriarchal Vicar of Ireland, H.G Youhanon Mor Militheos. We wish Dn Jobil Yoyaki “the best” in his new role.












# കവിത



കോതമംഗലത്തിന്റെ പുണ്യമേ

കോതമംഗലം ബാവയെ

മലങ്കരയുടെ വിശ്വസം സ്ഥാപിക്കാൻ

മക്കളാം ഞങ്ങൾക്കായി വന്ന നീ

(കോതമംഗലത്തിന്റെ---)

പ്രായവും വ്യാധിയും നോക്കാതെ

പ്രീയരെ വിട്ടുനീ വന്നുവോ

കാട്ടുകൾ തീണ്ടി നീ വന്നുവോ

കാത്തിടാൻ മക്കളാം ഞങ്ങളെ

(കോതമംഗലത്തിന്റെ---)

വിശ്വഭോഗ മോദത്തിലാഴാതെ

വിശ്വാസ പടകതങ്ങു തുഴയുവാൻ

തുഞ്ചത്തിരിക്കണേ നിൻ പ്രാർത്ഥന

തുണച്ചിടണേ കരയേറിടാൻ

( കോതമംഗലത്തിന്റെ---)

**(Aliyamma Binu Anthinadu )**

## Vanitha Samajam Chain Prayer

**Every first Friday of the month from 6 to 24 hrs**

**Please contact samajam.jacobitechurchdublin@gmail.com**

# Family Conference 2016 – Day 2- Cultural Programs






















More pictures to follow......

വൈദ്യുത ബൾബ് കണ്ടു പിടിച്ച തോമസ് ആൽവാ എഡിസൻ അതിന്റെ ആദ്യ പരീക്ഷണത്തിന് തന്റെ സുഹൃത്തുക്കളെ കൂടി പരീക്ഷണശാലയിലേക്ക് ക്ഷണിച്ചു . കത്തിച്ചു കാണിക്കുന്നതിനായി എഡിസൻ ആ ബൾബ് തന്റെ സുഹൃത്തിന്റെ കയ്യിൽ കൊടുത്തു അറിയാതെ സുഹൃത്തിന്റെ കയ്യിൽ നിന്നും ബൾബ് നിലത്ത് വീണു പൊട്ടിപ്പോയി .

എഡിസൺ നിരാശനാകാതെ മറ്റൊരു ബൾബുണ്ടാക്കി. പിറ്റേ ദിവസവും അതേ വ്യക്തിയുടെ കയ്യിൽ തന്നെ ബൾബ് പിടിക്കാൻ കൊടുത്തപ്പോൾ മറ്റുള്ളവർ ചോദിച്ചു , ഇയാളുടെ കയ്യിൽ തന്നെയാണോ വീണ്ടും കൊടുക്കുന്നതെന്ന് . അപ്പോൾ എഡിസൻ പുഞ്ചിരിച്ച് കൊണ്ട് പറഞ്ഞു.

"ഇന്നലെ ബൾബ് പൊട്ടിയപ്പോൾ ഇയാളുടെ മുഖ ഭാവം നിങ്ങൾ കണ്ടതല്ലേ? ബൾബിനൊപ്പം ഇയാളുടെ ആത്മവിശ്വാസവും തകർന്നു പോയി. എനിക്ക് ഈ ബൾബ് വീണ്ടും നിർമിക്കാൻ 24 മണിക്കൂർ മതി. എന്നാൽ ഞാനിത് ഇയാൾക്ക് വീണ്ടും നൽകിയില്ലെങ്കിൽ ഇയാളുടെ മനസ്സിലെ ആത്മവിശ്വാസം വീണ്ടെടുക്കാൻ 24 വർഷം പോലും മതിയാകില്ല. ഒരാളെ തളർത്താനെളുപ്പമാണ് , വളർത്താൻ പ്രയാസവും."


---

വല്ലപ്പോഴും സൺഡേ സ്കൂളിൽ പോകുന്ന ഒരു കുട്ടി, സൺഡേ സ്കൂൾ എക്സാമിനു എഴുതിയ " നല്ല ശമരിയാകാരന്റെ" കഥ!!!

ഒരു മനുഷ്യൻ ജെറുശലേമിൽ നിന്നും ജരിഹോവിലേക് പോകുകയായിരുന്നു. പെട്ടന്നു അയാളെ കള്ളന്മാർ ആക്രമിച്ചു തുണ്ടം തുണ്ടമാക്കി. കുറച്ചുപീസ് മുള്ളിനിടയിൽ വീണു, കുറച്ചു പീസ് പാറയിൽ വീണു, കുറച്ചു പീസ് നല്ല നിലത്തു വീണു. ബാക്കി വന്നതു ശിഷ്യന്മാർ 12 കൊട്ട നിറച്ചു. അതിൽ ഒരു കൊട്ട യൂദാസ് 30 വെള്ളികാശിന് വിറ്റു." കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ"!............

കുട്ടികളെ എല്ലാ ആഴ്ചയും സൺഡേ സ്കൂളിന് വിടുക.. അലേല് ഇങ്ങനെ ഇരിക്കും😄😀😀😀😜😜

---



## Silent Night Project – Status Update



